പതിമൂന്നാം കേരള നിയമസഭ

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. **4557**

**17.12.2014** -ലെ
മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗത്തിന്റെ കടം എഴുതിത്തള്ളാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ.കെ.ബാലൻ** | **ശ്രീ.എ.പി അനിൽകുമാർ**<br>പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| (എ) പട്ടികജാതി വിഭാഗത്തിന്റെ കടം എഴുതിതള്ളാൻ പദ്ധതി നിലവിലുണ്ടോ ; എങ്കിൽ എത്ര തുക വരെയാണ് എഴുതിതള്ളാൻ തീരുമാനിച്ചിട്ടുള്ളത് ; ഏത് വർഷം വരെയുള്ള വായ്പയ്ക്കാണ് ഇത് ബാധകമാകുന്നത് ; | (എ) 12.11.2009 ലെ സ.ഉ (പി) നം. 100/09/ പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് പ്രകാരം പട്ടികജാതിക്കാർ, സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൽ മുതലായവയിൽ നിന്നും എടുത്തിട്ടുള്ളതും 31.03.06 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ 25,000/- രൂപയിൽ താഴെയുള്ള വായ്പകളുടെ കുടിശ്ശിക എഴുതി തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം പല ഘട്ടങ്ങളിലായി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം പരമാവധി ലഭിക്കുന്നതിനായി പട്ടികജാതി വിഭാഗക്കാർ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകുപ്പ്, ഖാദി ഗ്രാമ വ്യവസായ ബോർഡ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31/03/2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 50,000/-രൂപവരെയുള്ള വായ്പകൾ മേൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 10/12/2013 ലെ സ.ഉ(പി)99/2013/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം എഴുതിത്തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം വരെയുള്ളതും 31/03/2010 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ വായ്പകൾ എഴുതി തള്ളുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഏകദേശം 200 കോടി രൂപയോളം ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്ന പ്രസ്തുത പ്രൊപ്പോസൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

(ബി) പട്ടികജാതി വിഭാഗത്തിന്റെ കടം എഴുതിത്തള്ളാൻ പദ്ധതി പ്രകാരം 2011-2012, 2012-2013, 2013-2014, 2014-2015 എന്നീ വർഷങ്ങളിൽ എത്ര ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമായിട്ടുള്ളത് ; റവന്യൂ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത വർഷങ്ങളിൽ സഹകരണ സംഘം രജിസ്ട്രാർ, വനിതാ വികസന കോർപ്പറേഷൻ, സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ, ഖാദി ഗ്രാമ വ്യവസായ ബോർഡ് വാണിജ്യ വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് വകുപ്പിൽ നിന്നും തുക അനുവദിച്ചു നൽകിയിരുന്നു. ഇവയിൽ സഹകരണ സംഘം രജിസ്ട്രാർ കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ ഒഴികെയുള്ള സ്ഥാപനങ്ങളിൽ മേൽ വർഷങ്ങളിൽ പദ്ധതിയുടെ പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ റവന്യൂ ജില്ല തിരിച്ചുള്ള കണക്ക് അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സംഘം രജിസ്ട്രാർ എന്നിവിടങ്ങളിൽ നിന്നും ഉള്ള വിവരങ്ങൾ ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(സി) ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങൾ വഴി എടുത്ത കടമാണ് എഴുതിത്തള്ളുന്നത് ;

(സി) പട്ടികജാതിക്കാർ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ള കടങ്ങളാണ് 12/11/09 ലെ സ.ഉ (അച്ചടി) നം. 100/2009/ പജപവവിവ നം. സർക്കാർ ഉത്തരവ് പ്രകാരം എഴുതി തള്ളിയത്. 10.03.2013 ലെ സ.ഉ(അച്ചടി) 99/13/പ ജ പ വ വി വ/നമ്പർ ഉത്തരവ് പ്രകാരമുള്ള കടം എഴുതി തള്ളൽ പദ്ധതിയുടെ ആനുകൂല്യം അനുവദിച്ച് നൽകിയത് ഈ വിഭാഗക്കാർ പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകുപ്പ്, സഹകരണ സ്ഥാപനങ്ങൾ, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് എന്നിവിടങ്ങളിൽ നിന്നും എടുത്ത വായ്പകൾക്കാണ്.

(ഡി) എഴുതിതള്ളുന്ന സ്ഥാപനങ്ങൾക്ക് എത്ര തുകയാണ് മേൽ ഉദ്ധരിച്ച വർഷങ്ങളിൽ കൊടുത്തിട്ടുള്ളത് ;

(ഡി) ഇതിലേക്കായി 2011-2012 വർഷം 100 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 9651/- രൂപ ചെലവഴിച്ചു. 2013-2014,2014-2015 വർഷങ്ങളിൽ ടി പദ്ധതികൾക്കായി തുക വകയിരുത്തിയിരുന്നില്ല. കോർപ്പസ് ഫണ്ടിൽ നിന്നാണ് ടി തുക കണ്ടെത്തിയത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചുവടെ വിവരിക്കുന്ന പ്രകാരം തുക വായ്പ എഴുതി തള്ളൽ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്.

2011-2012 ----9,651/-

2013-2014-----17,89,02,566/-

2014-2015 ----12,33,00,000/-

**ആകെ ----------3022.122 ലക്ഷം രൂപ**

(ഇ) പട്ടികജാതി വിഭാഗത്തിന്റെ കടം എഴുതിതള്ളുന്നതിനുള്ള പദ്ധതി പ്രകാരം സർക്കാരിൽ നിന്നും പണം ലഭ്യമായ ധനകാര്യ സ്ഥാപനങ്ങൾ അവർക്ക് ലഭ്യമായ ഫണ്ട് ഗുണഭോക്താക്കൾക്ക് കൊടുത്തിട്ടുണ്ടോ ; ഏതെങ്കിലും ഒരു വർഷം ഇത് റിവ്യൂ ചെയ്തിട്ടുണ്ടോ ?

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

**2011-12 വർഷം 25,000/- രൂപ വരെയുള്ള വായ്പകൾ എഴുതി തള്ളുന്നതിനായി വനിതാ വികസന കോർപ്പറേഷന് അനുവദിച്ച തുകയുടെ വിവരം**

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക [illegible]) |
|---|---|---|
| തിരുവനന്തപുരം | 1 | 4119 |
| ആലപ്പുഴ | 1 | 5532 |
| ആകെ | 2 | 9651 |

2012-13 വർഷം വായ്പ എഴുതി തള്ളൽ പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടില്ലെന്ന വിവരം അറിയിക്കുന്നു.

**2013-14 വർഷം 50,000/- രൂപ വരെയുള്ള വായ്പകൾ എഴുതി തള്ളുന്നതിനായി വ്യവസായ വാണിജ്യ വകുപ്പിന് അനുവദിച്ച തുകയുടെ വിവരം**

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| തിരുവനന്തപുരം | 23 | 7,96,000/- |
| കൊല്ലം | 0 | - |
| പത്തനംതിട്ട | 7 | 3,31,204/- |
| ആലപ്പുഴ | 0 | 0 |
| കോട്ടയം | 14 | 7,59,518/- |
| ഇടുക്കി | 3 | 1,59,607/- |
| എറണാകുളം | 7 | 3,10,216.2/- |
| തൃശ്ശൂർ | 37 | 26,79,429/- |
| പാലക്കാട് | 49 | 30,90,004/- |
| മലപ്പുറം | 16 | 8,64,931/- |
| കോഴിക്കോട് | 66 | 24,88,561/- |
| വയനാട് | 34 | 4,14,165/- |
| കണ്ണൂർ | 0 | 0 |
| കാസർഗോഡ് | 0 | 0 |
| ആകെ | 256 | 1,18,93,617/- |

\\
/

**2013-14 വർഷം 50,000/- രൂപ വരെയുള്ള വായ്പകൾ എഴുതി തള്ളുന്നതിനായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് അനുവദിച്ച തുകയുടെ വിവരം**

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| തിരുവനന്തപുരം | 275 | 36,34,275 |
| കൊല്ലം | 214 | 30,25,027 |
| പത്തനംതിട്ട | 107 | 13,61,631 |
| ആലപ്പുഴ | 120 | 17,99,100 |
| കോട്ടയം | 326 | 35,65,377 |
| ഇടുക്കി | 44 | 4,58,859 |
| എറണാകുളം | 105 | 12,33,443 |
| തൃശ്ശൂർ | 140 | 16,34,314 |
| പാലക്കാട് | 30 | 2,70,077 |
| മലപ്പുറം | 42 | 6,91,400 |
| കോഴിക്കോട് | 176 | 22,76,484 |
| വയനാട് | 32 | 2,00,968 |
| കണ്ണൂർ | 100 | 5,73,396 |
| കാസർഗോഡ് | 123 | 12,85,431 |
| ആകെ | 1834 | 2,20,09,782 |

Sali K.J
സെക്ഷൻ ഓഫീസർ